പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2937

21.06.2013- ലെ
മറുപടിക്ക്.

## കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിന് പ്രത്യേക സെൽ

ചോദ്യം

ശ്രീ. എം. എ. വാഹീദ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാതെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യഥാസമയം ചെലവഴിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ; | (ബി) | മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. ഇത് സംസ്ഥാനത്തിന് അനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്ന തിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിനോടും, ആസൂത്രണ കമ്മീഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന തടസ്സങ്ങൾ നീക്കുന്നതിനും കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ച് കിട്ടുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. കൂടാതെ ഓരോ മാസവും ചീഫ് സെക്രട്ടറി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും അതിൽ പദ്ധതി അവലോകനം ചെയ്യുകയും ഇതിലേയ്ക്കായി വേണ്ട നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നു. 5 കോടിയ്ക്ക് മുകളിലുള്ള പദ്ധതികളുടെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് കൂടി 30.06.2013-ന് മുമ്പായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് കൂടി ഭരണാനുമതി നൽകുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും, കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക സെൽ ആസൂത്രണ ബോർഡിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) പരിഗണനയിൽ ഇല്ല

Biju

സെക്ഷൻ ഓഫീസർ

P/